**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6098          04-07-2019 -ൽ മറുപടിക്ക്

**കൽപ്പറ്റ മണ്ഡലത്തിൽ കാലവർഷ കെടുതിയിൽപ്പെട്ട റോഡുകളുടെയും കെട്ടിടങ്ങളുടെയും പുനരുദ്ധാരണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി.കെ.ശശീന്ദ്രൻ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ദുരന്ത നിവാരണ വകുപ്പിന് കീഴിൽ കാലവർഷ കെടുതിയിൽപ്പെട്ട റോഡുകളുടെയും കെട്ടിടങ്ങളുടെയും പുനരുദ്ധാരണത്തിനായി കൽപ്പറ്റ മണ്ഡലത്തിൽ 2015-16 മുതൽ നാളിതുവരെ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി; ഓരോ പ്രവൃത്തിയുടെയും ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | എ), ബി), സി) & ഡി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നടപ്പിലാക്കുന്ന ഏതെങ്കിലും പ്രവൃത്തികൾക്കായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുകയോ ഭരണാനുമതി നൽകുകയോ ചെയ്യാറില്ല. |
| ബി) | കൽപ്പറ്റ മണ്ഡലത്തിൽ 2015-16 മുതൽ ഭരണാനുമതി നൽകിയ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ടെന്നുമുള്ള വിശദാംശങ്ങൾ പട്ടികതിരിച്ച് ലഭ്യമാക്കുമോ; | | |
| സി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| ഡി) | കൽപ്പറ്റ മണ്ഡലത്തിൽ ഇത്തരത്തിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്തുകൊണ്ടാണ് പൂർത്തീകരിക്കാൻ കഴിയാത്തതെന്ന് കാര്യകാരണ സഹിതം വിശദമാക്കുമോ; | | |
| ഇ) | ഭരണാനുമതി നൽകിയ തീയതി മുതൽ ഒന്നര വർഷത്തിനകം പൂർത്തീകരിക്കാത്ത | ഇ) | ദുരന്ത ശേഷം 90 ദിവസത്തിനകം തീർക്കുന്ന അടിയന്തിര പ്രവൃത്തികൾക്കാണ് ദുരന്ത |

| | | | |
|---|---|---|---|
| | പ്രവൃത്തികളുടെ ഭരണാനുമതി റദ്ദാക്കാമെന്നിരിക്കെ ഏതെങ്കിലും കാരണത്താൽ ഒന്നര വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഭരണാനുമതി പുതുക്കി നൽകുമോ; വ്യക്തമാക്കുമോ? | | പ്രതികരണ നിധിയിൽ നിന്നും തുക നൽകാവുന്നത്. അംഗീകൃത പ്രകൃതിദുരന്തങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും അടിയന്തിര പുനരുദ്ധാരണമാണ് (immediate repair / restoration) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദനീയമായിട്ടുള്ളത്. അപ്രകാരം അനുവദിക്കപ്പെടുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടണം എന്നതുകൊണ്ടാണ് പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിനായി പരമാവധി ഒന്നര വർഷക്കാലത്തെ ഭരണാനുമതി കാലാവധി അനുവദിച്ചിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾ ദീർഘ കാലയളവിലേക്ക് നീട്ടിക്കൊണ്ട് പോയി ചെയ്യാവുന്ന പ്രവൃത്തികളല്ല. സമയബന്ധിതമായി ആരംഭിക്കുകയും എന്നാൽ ആകസ്മികമായ ചില കാരണങ്ങളാൽ സമയബന്ധിതമായി പൂർത്തീകരിക്കാനാകാത്തതുമായ ചില പ്രവൃത്തികൾക്ക് അവയുടെ കാലതാമസം മാപ്പാക്കി ബിൽ തുക മാറി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഭരണാനുമതി തീയതി മുതൽ 6 മാസത്തിനകം അപ്രതീക്ഷിത കാരണങ്ങളാൽ കരാറിൽ ഏർപ്പെടാൻ സാധിക്കാത്ത ചില പ്രവൃത്തികൾക്ക് അവയുടെ ഭരണാനുമതി റദ്ദാക്കിയതിനുശേഷവും പ്രസ്തുത പ്രവൃത്തികൾ നിർവ്വഹണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ കാര്യ കാരണ സഹിതം റിപ്പോർട്ട് ചെയ്തിട്ടുള്ള സംഗതിയിൽ പ്രസ്തുത പ്രവൃത്തികൾക്ക് പുതിയ ഭരണാനുമതി നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ